REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ന് ലോക മനുഷ്യാവകാശദിനം. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പരിപാടിയെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യും.**
- **സ്ത്രീ ശാക്തീകരണത്തിന് മതിയായ അവസരങ്ങൾ നൽകണമെന്നും തടസ്സങ്ങൾ ഇല്ലാതാക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **മുൻ കേന്ദ്ര മന്ത്രിയും കർണാടക മുൻ മുഖ്യമന്ത്രിയുമായിരുന്ന SM കൃഷ്ണ അന്തരിച്ചു.**
- **സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് അല്പസമയത്തിനകം.**
- **ഏഴിമല നാവിക അക്കാദമിയിൽ അഡ്മിറൽ കപ്പ് പായ് വഞ്ചിയോട്ട മത്സരങ്ങൾ ഇന്ന്.**

## വാർത്തകൾ വിശദമായി

ഇന്ന് ലോക മനുഷ്യാവകാശദിനം. ഐക്യരാഷ്ട്ര പൊതുസഭയുടെ 1948-ലെ ആഗോള മനുഷ്യാവകാശ പ്രഖ്യാപനം അനുസ്മരിക്കാനാണ് എല്ലാ വർഷവും ഡിസംബർ 10 ലോക മനുഷ്യാവകാശദിനമായി ആചരിക്കുന്നത്.

നമ്മുടെ അവകാശങ്ങൾ, നമ്മുടെ ഭാവി, ഇപ്പോൾ" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. കേവലം അഭിലാഷങ്ങൾക്കപ്പുറം മനുഷ്യാവകാശങ്ങൾ മെച്ചപ്പെട്ട ഭാവി സൃഷ്ടിക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും ശാക്തീകരിക്കുന്ന പ്രായോഗിക ഉപകരണമാണെന്ന് പ്രമേയം എടുത്ത് പറയുന്നു.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പരിപാടിയെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യും. ഈ വർഷത്തെ ദിനാചരണത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ മുതൽ തൊഴിലിടങ്ങൾ വരെ സമ്മർദ്ദം ഇല്ലാതാക്കുന്നതിനെ കുറിച്ച് ഒരു ദിവസത്തെ ദേശീയ സമ്മേളനം ഇന്ന്  ഡൽഹയിൽ സംഘടിപ്പിക്കുമെന്ന് മനുഷ്യാവകാശ കമ്മീഷൻ അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....വോയ്സ്........

23 ലക്ഷത്തിലേറെ മനുഷ്യാവകാശ ലംഘനകേസുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും  ലംഘനങ്ങൾക്ക് വിധേയരായവർക്ക് 256 കോടിയിൽ പരം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ടെന്നും ദേശീയ മനുഷ്യാവകാശ കമ്മീഷൻ അറിയിച്ചു.

രാജ്യത്തെ ഓരോ വ്യക്തിയും മനുഷ്യാവകാശ സംരക്ഷണ നാഗരിക സംസ്കാരം ഉൾക്കൊണ്ട് 'എല്ലാവർക്കും സൗഖ്യം ഭവിക്കട്ടെ' എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കണമെന്ന് ദേശീയ മനുഷ്യാവകാശകമ്മീഷൻ ഉപാധ്യക്ഷ വിജയഭാരതി സൈനി ആഹ്വാനം ചെയ്തു.

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരത്ത്  സംഘടിപ്പിക്കുന്ന മനുഷ്യാവകാശ ദിനാഘോഷം മന്ത്രി P. രാജീവ്  ഉദ്ഘാടനം ചെയ്യും. മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് KM. ജോസഫ് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചു.

ദേശീയ-സംസ്ഥാന തലങ്ങളിൽ മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കോഴിക്കോട്ടെ വായനശാല വയോജനവേദി സംഘടിപ്പിക്കുന്ന ചടങ്ങിൽ പ്രശസ്ത മനുഷ്യാവകാശ  പ്രവർത്തകൻ മഞ്ചേരി സുന്ദർരാജ് "ധ്വംസിക്കപ്പെടുന്ന മനുഷ്യാവകാശങ്ങൾ" എന്ന വിഷയം അവതരിപ്പിക്കും.

✪✪✪

സ്ത്രീ ശാക്തീകരണത്തിന് അവർക്ക് മതിയായ അവസരങ്ങൾ നൽകണമെന്നും തടസ്സങ്ങൾ ഇല്ലാതാക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സ്ത്രീകൾക്ക് മുന്നോട്ട് പോകാൻ അവസരം ലഭിക്കുമ്പോൾ, രാജ്യത്തിനും  അവസരങ്ങളുടെ പുതിയ വാതിലുകൾ തുറക്കുകയാണെന്നും

പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഹരിയാനയിലെ പാനിപ്പത്തിൽ ബീമ സഖി യോജന ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക് റിപ്പോർട്ട്.

.......വോയ്സ്.......

പത്താം ക്ലാസ് പാസായ 18 നും 70 നുമിടയിൽ പ്രായക്കാരായ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമിട്ടാണ് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന്റെ ഈ സംരംഭം. സ്ത്രീകളുടെ സാമ്പത്തിക സാക്ഷരതയും ഇൻഷുറൻസ് ബോധവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിൽ തെരഞ്ഞെടുക്കുന്നവർക്ക് ആദ്യ മൂന്ന് വർഷം പ്രത്യേക പരിശീലനവും സ്റ്റൈപ്പൻഡും ലഭിക്കും.

എല്ലാവർക്കും ഇൻഷുറൻസ് എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുന്ന ബീമാ സഖി യോജനയിലൂടെ സ്ത്രീ ശാക്തീകരണത്തിലേക്ക് നയിക്കുന്ന മറ്റൊരു ശക്തമായ ചുവടുവയ്പ്പാണ് ഇന്ത്യ നടത്തുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ബീമാ സഖി യോജനയ്ക്ക് കീഴിൽ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് ലക്ഷത്തിലധികം സ്ത്രീകളെ തെരഞ്ഞെടുക്കാനാണ് ഗവണ്മെന്റ് ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ സ്ത്രീകളുടെ ക്ഷേമവും ശാക്തീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി മൂന്ന് ലക്ഷത്തി മുപ്പതിനായിരത്തിലേറെ കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും അവർ പറഞ്ഞു.

✪✪✪

ദേശീയ പഞ്ചായത്ത് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. താഴെത്തട്ടിലെ ഭരണ മികവും സാമൂഹ്യ വികസനവും മുൻനിർത്തി 45 അവാർഡുകളാണ് വിജ്ഞാൻ ഭവനിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ ഇത്തവണ നൽകുന്നത്. കേരളത്തിൽ നിന്ന് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് ദാരിദ്ര്യ നിർമ്മാർജനത്തിനും മെച്ചപ്പെട്ട ജീവിതോപാധി ലഭ്യമാക്കിയതിനും അവാർഡിന് അർഹമായി.

തൃശൂരിലെ കില, പഞ്ചായത്ത് ക്ഷമതാ നിർമ്മാൺ സർവ്വോത്തം സൻസ്ഥാൻ പുരസ്കാരത്തിനും അർഹമായിട്ടുണ്ട്.

അവാർഡ് നേടിയ പഞ്ചായത്തുകളിലെ മികച്ച പ്രകടനം വിശദീകരിക്കുന്ന ലഘുപുസ്തകം ചടങ്ങിൽ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പ്രകാശനം ചെയ്യും.

✪✪✪

ഏഴാമത് ദേശീയ സ്മാർട്ട് ഇന്ത്യ ഹാക്കത്തണിന്റെ ഗ്രാൻഡ് ഫിനാലെ നാളെയും മറ്റന്നാളും മുംബൈയിലെ L N വെലിങ്കർ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തും. പ്രധാനമന്ത്രി സമ്മേളനത്തെ അഭിസംബോധന ചെയ്യും. 1,300-ലധികം വിദ്യാർത്ഥി ടീമുകൾ ഗ്രാൻഡ് ഫിനാലെയിൽ പങ്കെടുക്കും.

ഫിനാലെയിൽ പങ്കെടുക്കുന്ന യുവ സംരംഭകരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വീഡിയോ കോൺഫറൻസിലൂടെ സംവദിക്കും. സ്മാർട്ട് ഇന്ത്യ ഹാക്കത്തണിന്റെ ഏഴാമത് പതിപ്പ് നാളെ രാജ്യവ്യാപകമായി 51 നോഡൽ കേന്ദ്രങ്ങളിലാണ് ഒരേസമയം ആരംഭിക്കുന്നത്. 2017-ലാണ് സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ ആരംഭിച്ചത്. പ്രധാനമന്ത്രിയുടെ ഓഫീസാണ് പരിപാടിക്ക് നേതൃത്വം നൽകുന്നത്.

✪✪✪

കേന്ദ്ര ഹജ്ജ് കമ്മറ്റി വഴി ഒരു ലക്ഷത്തി 22,000 തീർഥാടകർ ഇത്തവണ ഹജ്ജിന് പോകുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു രാജ്യസഭയെ അറിയിച്ചു. ഇന്ത്യയും സൗദി അറേബ്യയും ഒപ്പുവെച്ച ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഹജ്ജ് കമ്മറ്റിക്കും മറ്റ് ഹജ്ജ് സംഘടനകൾക്കും ക്വോട്ട അനുവദിക്കുന്നതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

കേന്ദ്ര ഹജ്ജ് കമ്മറ്റി വഴി എഴുപത് ശതമാനവും ഹജ്ജ് സംഘടനകൾ വഴി മുപ്പത് ശതമാനവും തീർഥാടകർക്കാണ് ഹജ്ജിനു അനുമതി നൽകുന്നത്.

✪✪✪

മുൻ കേന്ദ്ര വിദേശ കാര്യമന്ത്രിയും കർണാടക മുൻ മുഖ്യമന്ത്രിയുമായിരുന്ന SM കൃഷ്ണ അന്തരിച്ചു. അദ്ദേഹത്തിന് 93 വയസായിരുന്നു. പുലർച്ചെ രണ്ടേമുക്കാലോടെ ബംഗളൂരുവിലെ വസതിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 2009 മുതൽ 2012 വരെ UPA ഗവൺമെന്റിൽ വിദേശകാര്യമന്ത്രിയായിരുന്നു. 1999 മുതൽ 2004 വരെ കർണാടക മുഖ്യമന്ത്രിയായും അദ്ദേഹം പ്രവർത്തിച്ചു. 2017-ൽ കോൺഗ്രസിൽ നിന്ന് രാജിവെച്ച് BJPയിൽചേർന്നു.

✪✪✪

റിസർവ് ബാങ്കിന്റെ പുതിയ ഗവർണറായി റവന്യൂ സെക്രട്ടറി സഞ്ജയ് മൽഹോത്ര നാളെ ചുമതലയേൽക്കും. മൂന്ന് വർഷത്തേക്കാണ് നിയമനം.

✪✪✪

സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് അല്പമസമയത്തിനകം തുടങ്ങും. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. വോട്ട് ചെയ്യുന്നവരുടെ ഇടത് കൈയ്യിലെ നടുവിരലിലായിരിക്കും മഷി പുരട്ടുക. നാളെ രാവിലെ പത്തിന് വോട്ടെണ്ണൽ തുടങ്ങും.

✪✪✪

വിവിധ ബറ്റാലിയനുകളിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിങ് ഔട്ട് പരേഡ് രാവിലെ പേരൂർക്കട SAP ഗ്രൗണ്ടിൽ നടത്തും.

മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.

✪✪✪

സംസ്ഥാനത്തെ 73 കേന്ദ്രങ്ങളിൽ ഇക്കോ-ടൂറിസം പദ്ധതി നടപ്പാക്കി വരികയാണെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. കോഴിക്കോട്ടെ ചാലിയം നഗരവനം പദ്ധതിയ്ക്ക് മൂന്ന് കോടി രൂപയുടെ വിശദപദ്ധതി രേഖ തയാറായതായും അദ്ദേഹം പറഞ്ഞു. ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ-4 ന്റെ സംഘാടക സമിതി ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കോഴിക്കോട്, വയനാട് ജില്ലകളെ കേന്ദ്രീകരിച്ചു ട്രെക്കിങ്, റോപ് വെ ഉൾപ്പെടെ മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് മന്ത്രി നിർദേശിച്ചു.

സംസ്ഥാനത്തെത്തുന്ന സഞ്ചാരികളിൽ വളരെ കുറച്ചു പേർ മാത്രമാണ് മലബാർ സന്ദർശിക്കുന്നതെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ബേപ്പൂർ ഫെസ്റ്റ് ഉൾപ്പെടെ, മലബാറിലെ ബീച്ചുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ തുടങ്ങിയതെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് ചടങ്ങിൽ പറഞ്ഞു.

ഇത്തവണ ബേപ്പൂർ ഫെസ്റ്റിനോട് അനുബന്ധിച്ചു ബി ടു ബി മീറ്റ് സംഘടിപ്പിക്കും. മീറ്റിൽ പങ്കെടുക്കുന്ന വിനോദസഞ്ചാര മേഖലയിലെ പ്രമുഖർ വാട്ടർ ഫെസ്റ്റും കാണാനെത്തും.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അഡ്മിറൽ കപ്പ് പായ് വഞ്ചിയോട്ട മത്സരത്തിന്റെ പതിമൂന്നാം പതിപ്പിന് ഇന്ന് തുടക്കമാകും. മത്സരം ഇന്നലെ വൈകിട്ട് എട്ടിക്കുളം ബീച്ചിൽ അക്കാദമി കമാണ്ടന്റ് വൈസ് അഡിമിറൽ CR.പ്രവീൺ നായർ ഔപചാരികമായി ഉദ്ഘാടനം ചെയ്തു..

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

...........വോയ്സ്............

ജപ്പാൻ, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ഓസ്ട്രേലിയ,ബ്രിട്ടൺ തുടങ്ങി 25 വിദേശ രാജ്യങ്ങളിൽ നിന്നുള്ളവരുൾപ്പെടെ 28 ടീമുകളാണ് പായ് വഞ്ചിയോട്ടമത്സരത്തിൽ മാറ്റുരയ്ക്കുന്നത്. ഇന്ത്യൻ നേവൽ അക്കാദമിയിൽ നിന്നുള്ള പുരുഷ ടീമും വനിതാ ടീമും കടക്കവാസ് ല നാഷണൽ ഡിഫൻസ് അക്കാദമിയിൽ നിന്നുള്ള ടീമും മത്സര രംഗത്തുണ്ട്. എട്ടിക്കുളം കടലിൽ ഇന്ന് ഉച്ചയോടെ മത്സരാർത്ഥികൾ പായ് വഞ്ചിയുമായി നീങ്ങും. അഡ്മിറൽ കപ്പിനും റണ്ണേഴ്സ് അപ്പ് കപ്പിനും പുറമെ മികച്ച പ്രകടനം കാഴ്ചവെക്കുന്ന പുരുഷ വനിത ആംഗങ്ങൾക്ക് വ്യക്തിഗത മെഡലുകളും സമ്മാനിക്കും .റേഡിയൽ ലേസർ ബോട്ടാണ് മത്സരത്തിന് ഉപയോഗിക്കുന്നത്. മത്സരങ്ങൾ നിയന്ത്രിക്കുന്നതിനും വിധി നിർണ്ണയിക്കുന്നതിനും കടലിലും കരയിലും സുശക്തമായ സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്.

✪✪✪

ഏഷ്യാ കപ്പ് വനിതാ ജൂനിയർ ഹോക്കിയിൽ ഇന്ത്യ മലേഷ്യയെ മറുപടിയില്ലാത്ത അഞ്ച് ഗോളുകൾക്ക് തോൽപ്പിച്ചു. അടുത്ത മത്സരത്തിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8.30നാണ് മത്സരം.

FIH ജൂനിയർ ലോകകപ്പ് മത്സരത്തിലേക്ക് യോഗ്യത നിർണയിക്കുന്ന മത്സരമാണിത്.

✪✪✪

അടുത്തമാസം രാജസ്ഥാനിൽ നടക്കുന്ന സീനിയർ ദേശിയ വോളിബാൾ ചമ്പ്യൻഷിപ്പിലെ വനിതാ ടീമിന്റെ ട്രെയൽസ് നാളെ രാവിലെ തൃശൂർ ജില്ലാ സ്പോർട്സ് കൌൺസിൽ സ്റ്റേഡിയത്തിൽ നടത്തുമെന്ന് സ്പോർട്സ് കൗൺസിൽ ചെയർമാൻ CK ഉസ്മാൻ ഹാജി അറിയിച്ചു. പുരുഷ ടീമിന്റെ ട്രെയൽസ് ഈ മാസം 16ന് രാവിലെ എറണാകുളം അമ്പലമുകളിലെ BPCL വോളിബാൾ ഗ്രൗണ്ടിൽ നടത്തും.

✪✪✪

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിനോടനുബന്ധിച്ച് വനിതകൾ മാത്രം പങ്കെടുക്കുന്ന മാതൃകാ നിയമസഭ ഇന്ന് സംഘടിപ്പിക്കും. സെക്രട്ടേറിയേറ്റിലെ പഴയ നിയമസഭാ ഹാളിൽ മന്ത്രി ഡോ. R. ബിന്ദു ഉദ്ഘാടനം ചെയ്യും. സ്പീക്കർ AN. ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ഡെലിഗേറ്റ് സെല്ലും, ഡെലിഗേറ്റ് പാസ്സ് വിതരണവും തിരുവനന്തപുരം ടാഗോർ ഹാളിൽ മന്ത്രി സജി ചെറിയാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരങ്ങളായ മഹിമാ നമ്പ്യാരും ഷറഫുദ്ദീനും പാസ്സ് ഏറ്റുവാങ്ങും. കേരള ഫിലിം മാർക്കറ്റ് രണ്ടാം പതിപ്പ് നാളെ മന്ത്രി സജി ചെറിയാൻ കലാഭവൻ തിയേറ്ററിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഡാമിൽ നിന്നും എക്കലും മണ്ണും മാറ്റുന്ന ഡി-സിൽറ്റേഷൻ പദ്ധതി മന്ത്രി റോഷി അഗസ്റ്റിൻ നാളെ ഉദ്ഘാടനം ചെയ്യും.

ഡാമിന്റെ സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡി-സിൽറ്റേഷൻ നടപ്പാക്കുന്നത്.

✪✪✪